# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ 1582 — 03.05.2017 ൽ മറുപടിക്ക്

## വിജിലൻസ് ഡയറക്ടർ അവധിയിൽ പ്രവേശിക്കാൻ ഇടയാക്കിയ സാഹചര്യം

**ചോദ്യം:**

**ശ്രീ. പി.ഉബൈദുള്ള**
**ശ്രീ. സി.മമ്മൂട്ടി**
**ഡോ. എം.കെ.മുനീർ**
**ശ്രീ. എൻ.ഷംസുദ്ദീൻ**

**ഉത്തരം :**

**ശ്രീ.പിണറായി വിജയൻ**
**മുഖ്യമന്ത്രി**

**(എ)** സേവനകാലം ബാക്കിയുള്ള വിജിലൻസ് ഡയറക്ടർ ഒരു വർഷം പോലും സേവനം പൂർത്തിയാക്കും മുമ്പ് അവധിയിൽ പ്രവേശിക്കാൻ ഇടയാക്കിയ സാഹചര്യം വ്യക്തമാക്കുമോ;

**(എ)** വ്യക്തിപരമായ കാരണങ്ങളാൽ അവധി അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് വിജിലൻസ് ഡയറക്ടർ സമർപ്പിച്ച അപേക്ഷ പരിഗണിച്ചാണ് അവധി അനുവദിച്ചിട്ടുള്ളത്.

**(ബി)** പ്രധാന കേസുകൾ സംബന്ധിച്ച പരാതികൾ സ്വീകരിക്കില്ലെന്ന് നോട്ടീസ് പതിക്കുക, പരാതികൾ സംബന്ധിച്ച നിർദ്ദേശം തേടി പരാതിക്കെട്ടുകളെല്ലാം സർക്കാരിനയച്ചു കൊടുക്കുക, വിജിലൻസ് കേസുകളെ സംബന്ധിച്ച ഗവേഷണങ്ങൾക്കായി മാത്രം വിജിലൻസ് സംവിധാനത്തെ പരിമിതപ്പെടുത്തുക തുടങ്ങിയ നടപടികൾ ഈ വിജിലൻസ് ഡയറക്ടർ നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

**(സി)** എങ്കിൽ ഇത്തരം നടപടികൾക്കുള്ള കാരണമെന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

**(ബി) & (സി)** പരാതികളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിലും ലളിതകുമാരി കേസിൽ ഉണ്ടായ സുപ്രീം കോടതി വിധി പ്രകാരം പരാതികളിൽ സാധാരണഗതിയിൽ 15 ദിവസത്തിനകം അന്വേഷണം പൂർത്തിയാക്കണമെന്നതിനാൽ പരാതി സ്വീകരിക്കുന്നതിനും തുടർ അന്വേഷണം നടത്തുന്നതിനുമുള്ള വ്യക്തമായ മാനദണ്ഡങ്ങൾ 29.03.2017-ലെ സ.ഉ.(പി.) 9/2017/വിജി നമ്പർ ഉത്തരവ് പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

വിജിലൻസ് കേസുകളെ സംബന്ധിച്ച ഗവേഷണങ്ങൾക്കായി മാത്രം വിജിലൻസ് സംവിധാനത്തെ പരിമിതപ്പെടുത്തിയിട്ടില്ല.

Manoj M

**സെക്ഷൻ ഓഫീസർ.**